<u>Week :1</u>

# Weekly Devotion - July -2016

## JEHOVAH-RAPHA (THE LORD WHO HEALS)

### സൗഖ്യമാക്കുന്ന യഹോവ




July 1st International Doctors Day ആകയാൽ ആ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും Bible Study.Co.in ന്റെ ആശംസകൾ അർപ്പിക്കുന്നു.

ഒരിക്കൽ എന്റെ ഒരു സുഹൃത്തുമായി സംസാരിക്കുമ്പോൾ അദ്ദേഹം, തന്നെ ചികിത്സിച്ച ഡോക്ടറെപ്പറ്റി പറഞ്ഞ അഭിപ്രായമാണ് ഇപ്രകാരമൊരു ചിന്ത എന്നിൽ വരുവാൻ കാരണമായത്. പരിശോധനാ വേളയിൽ മുറിയിൽ വന്ന ഡോക്ടറോട് നല്ല സുഖമുണ്ടെന്ന് പറഞ്ഞപ്പോൾ അദ്ദേഹം പ്രതിവചിച്ചത് സകലതും ദൈവകൃപ മാത്രം ആണെന്നായിരുന്നു. " അതേ ! അതു ദൈവകൃപ മാത്രമാണ്. എന്നാൽ ഒരു ഉന്നത ബിരുദധാരി 'ഞാൻ എന്ന ഭാവമില്ലാതെ അത് സ്വന്തം അധരം കൊണ്ട് പറഞ്ഞതാണ് എന്നെ അത്ഭുതപ്പെടുത്തിയത്. അതോടൊപ്പം ഹൃദയപൂർവ്വം സന്തോഷിക്കുകയും ചെയ്തു. നിങ്ങൾ രോഗിക്ക് മരുന്നു നിർദ്ദേശിക്കുമ്പോൾ ഈ ദൈവകൃപയെപ്പറ്റി അവരോട് പറയാറുണ്ടോ? 'സൗഖ്യ

ദായകനായ യഹോവ’ എന്നതിന് **JEHOVAH-RAPHA** എന്ന് എബ്രായഭാഷയിൽ പറയുന്നു.




“ഞാൻസൗഖ്യമാക്കുന്ന യഹോവ” എന്ന്അവൻ അരുളിചെയ്യുമ്പോൾ ആ സൗഖ്യം ആർജ്ജിക്കുവാൻ നാം ചെയ്യേണ്ട കാര്യങ്ങളും അവൻ വ്യക്തമാക്കുന്നുണ്ട്.(പുറ:15:26)

**(1) അവന്റെ വാക്ക് ശ്രദ്ധയോടെ കേൾക്കണം.**

**(2)അവന് പ്രസാദമുള്ളത് ചെയ്യണം.**

**(3) കല്പനകളും വിധികളും പ്രമാണിക്കണം.**

അപ്പോൾ മാത്രമേ സൗഖ്യദായകൻ നമ്മിൽ പ്രവർത്തിക്കുകയുള്ളു. യഹോവ ഏതെല്ലാം അവസ്ഥയിൽ നിന്നാണ് നമുക്ക് വിടുതൽ (സൗഖ്യം) നൽകുന്നത്.

## (1) പിന്മാറ്റത്തിൽ നിന്നുള്ള സൗഖ്യം

“ഞാൻ അവരുടെ പിന്മാറ്റത്തെ ചികിത്സിച്ചു സൗഖ്യമാക്കും”എന്ന് ഹോശേയ:(14:4)ൽ പറയുന്നു.

എന്റെ കോപസ്വഭാവത്തെ മാറ്റി സ്നേഹത്തോടെ സംസാരിക്കുമ്പോൾ അവരുടെ പിന്മാറ്റം മാറ്റി എന്റെ സ്നേഹത്തെ മനസ്സിലാക്കും എന്ന് യഹോവ ആഗ്രഹിക്കുന്നു. കാരണം നിത്യസ്നേഹത്തിലാണ് ക്രിസ്തു നമ്മെ സ്നേഹിക്കുന്നത് എന്ന് നാം മറക്കരുത്. ഉദാഹരണമായി മുടിയനായപ്പോൾ അപ്പന്റെ രണ്ടാമത്തെ മകൻ അപ്പന്റെ സ്നേഹത്തിൽ നിന്ന് പിന്മാറ്റം ആഗ്രഹിച്ചു. അപ്പനിൽ നിന്ന് അകലുന്തോറും മക്കൾ പിന്മാറ്റത്തിലാകുകമാത്രമല്ല അപ്പനുമായുള്ള എല്ലാ ബന്ധങ്ങളും വിച്ഛേദിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. അതിനാലാണ്അവൻ അപ്പനോട് തനിക്കു വരേണ്ടുന്നപങ്ക് ആവശ്യപ്പെട്ട് അതുമായി ദൂരെ ദേശത്തേയ്ക്ക് പോയത്. എന്നാൽ പിതാവോ മകന്റെ മടങ്ങിവരവിനായി ആഗ്രഹിച്ചു. കാരണം അപ്പൻ ഇപ്പോഴും തന്റെ മകനെ സ്നേഹിക്കുന്നുണ്ട്. പിന്മാറ്റം മാറി ആ നിത്യ സ്നേഹത്തെ അറിയമണമെങ്കിൽ അവൻ ‘പൂജ്യം’ ആയാലേ മതി

യാകൂ.അപ്രകാരമായപ്പോൾ മാത്രമാണ് തന്റെ പിന്മാറ്റത്തെക്കുറിച്ച് അവൻ ബോധവാനായതും, പിതാവിന്റെ സ്നേഹത്തെ ആഗ്രഹിച്ച് മടങ്ങിയതും. അതേ, പിതാവിന്റെ സ്നേഹത്തിന്റെ ശക്തിയാൽ മുടിയനായവന്റെ പിന്മാറ്റത്തെ അവൻ ചികിത്സിച്ച് ഭേദം വരുത്തി.

**(2) നുറുങ്ങിയ ഹൃദയത്തിന് സൗഖ്യം**

മനം തകർന്നവരെ സൗഖ്യമാക്കുകയും അവരുടെ മുറിവുകളെ കെട്ടുകയും ചെയ്യുന്നവനാണ് ഗിലെയാദിലെ വൈദ്യൻ. അദ്ദേഹത്തിന്റെ വാക്കുകൾ, സ്പർശനം, ഇവ നമ്മെ സൗഖ്യമുള്ളവരാക്കുന്നു. ദീനക്കാർക്കാണ് വൈദ്യനെക്കൊണ്ട് ആവശ്യം. ദീനക്കാരന്റെ നിലവിളി ദീനദയാലുവായ ദൈവത്തെ അവന്റെ അടുക്കൽ എത്തിയ്ക്കുന്നു. തകർന്നും നുറുങ്ങിയതുമായ ഹൃദയെത്തെ നിരസിക്കാതെ സൗഖ്യം തരുന്ന കർത്താവ് ഒരു വാക്ക് കല്പിച്ചാലും, സ്പർശിച്ചാലും സൗഖ്യം ലഭ്യമാണ്. മർക്കോസ് (1:40-43) വായിക്കുന്നിടത്ത് മറ്റുള്ളവരുടെ നിന്ദ സഹിച്ച ഒരു കുഷ്ഠരോഗിയുടെ ഹൃദയവേദനയുടെ വാക്കുകൾ കാണാം. "നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും." എന്ന് പറഞ്ഞവനെ യേശു തൊടുകമാത്രമല്ല ചെയ്തത്. മനസ്സുണ്ട് ശുദ്ധമാക എന്ന് കല്പിക്കുകയും ചെയ്തു. അവഗണന ഏറ്റവന്റെ വേദന ഗുരുവിനു മാത്രമേ ഗ്രഹിക്കുവാൻ കഴിയുകയുള്ളു.

**(3) മുറിവിന് എണ്ണ പുരട്ടി ചികിത്സ**

ഒരു ഡോക്ടർ ഒരു നല്ല ശമരിയക്കാരനാകണം. ലൂക്കോസ് (10:30-36) വരെയുള്ള വാക്യങ്ങളിൽ അതിനുള്ള കാരണവും കാണാം. കണ്ടിട്ടും കാണാതെ പോകുന്നവരുടെ ലോകത്തിൽ ഒരു ഡോക്ടർ മാത്രമല്ല ഒരു ദൈവപൈതലും അപ്രകാരമുള്ള ഒരാളാകുവാൻ പാടില്ല. അടുക്കലെത്തി നോക്കിപോകുന്ന ഡോക്ടറോ സ്പെഷ്യൽ തുക തരുന്നവരെ നോക്കുവാൻ വ്യഗ്രത കാട്ടുന്ന ഡോക്ടറോ ആകാതിരിഷാൻ ശ്രദ്ധിക്കുക. നമ്മെ കാണുന്ന ഒരു ദൈവമുണ്ടെന്ന് മറക്കരുത്. എണ്ണയും , വീഞ്ഞും ഉപയോഗിച്ച് മുറിവുകെട്ടി വാഹനത്തിൽ കയറ്റി , സത്രം ഉടമയെ ഏല്പിച്ച് സംരക്ഷിച്ച ശമര്യക്കാരനെഷോലെ പ്രതിഫലത്തെക്കാൾ ഒരാളുടെ ജീവന് വിലകല്പിക്കുന്ന ഡോക്ടർ ആകുകയാണ്

വേണ്ടത്. ഇന്ന് വൈദ്യശാസ്ത്രമേഖലയിലും , ആത്മീയമേഖലയിലും ആശ്വസിപ്പിക്കേണ്ടവർ ചിന്തിക്കുന്നത് എന്തു കിട്ടും ? എന്നാണ്. മനുഷ്യർ തരുന്ന പ്രതിഫലം താല്ക്കാലികം . സ്വർഗ്ഗീയ പ്രതിഫലമോ ചോദിക്കുന്നതിലും , നിനയ്ക്കുന്നതിലും അപ്പുറമാണ്. ക്രിസ്തുവിന്റെ ഭാവമുള്ളവരായി സൗഖ്യദായകനായ യേശുവിനെ മറ്റുള്ളവർക്ക് കാട്ടിക്കൊടുപ്പാൻ ദൈവം സഹായിക്കട്ടെ.

## <u>പ്രാർത്ഥന</u>

ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ ആകുന്നു എന്ന് വാക്കുതന്ന ദൈവമേ, അങ്ങ് ഞങ്ങളുടെ തകർന്നഹൃദയത്തെ കാണുന്നതിനായി സ്തോത്രം. പിന്മാറ്റക്കാരാകാതെ അങ്ങയോട് ചേർന്ന് യാത്രചെയ്യുവാൻ സഹായിക്കേണമേ,

**ആമേൻ**

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind